## 11 ജൂലൈ 2010

## മത്തായി 12:22-32

ഫാദർ ഗീവർഗീസ് വലിയ ചാങ്ങവീട്ടിൽ

**സുവിശേഷ സംഗ്രഹം**

- അന്ധനും മൂകനുമായ മനുഷ്യനെ സുഖപ്പെടുത്തുന്ന സുവിശേഷ പശ്ചാത്തലം.
- യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന ഫരിസേയർ
- പരിശുദ്ധാത്മ വരങ്ങളും ദാനങ്ങളും അവഗണിക്കുന്നവർക്ക് യേശു മുന്നറിയിപ്പ് നൽകുന്നു.

യേശുവിനെ രക്ഷകനായും ദൈവപുത്രനായും ആംഗീകരിക്കുന്നതിൽ യഹൂദസമൂഹം പ്രത്യേകിച്ച് ഫരിസേയരും നിയമജ്ഞരും പരാജയപ്പെട്ടു. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ യേശുവിലെ ദൈവത്വം വെളിപ്പെടുത്തുന്നവയായിരുന്നു, എന്നാൽ സംശയത്തോടെ യേശുവിനെ സമീപിച്ചവർക്കും, അവന്റെ പ്രവൃത്തികളെ വീക്ഷിച്ചവർക്കും ഇവയിൽ വെളിപ്പെട്ട ദൈവികത തിരിച്ചറിയാൻ സാധിച്ചില്ല. യഹൂദ സമൂഹത്തിന്റെ കാപട്യം തുറന്നു കാട്ടുന്നതിൽ അവർക്ക് യേശുവിനോട് അമർഷവും വിരോധവുമുണ്ടായി. അത് അവരെ ദൈവികസത്യങ്ങൾ അവഗണിക്കുന്നതിനും മനുഷ്യരഹിതമായ വിമർശനങ്ങൾ നടത്തുന്നതിനും പ്രേരിപ്പിച്ചു.

ദീർഘനാളായി അന്ധനും മൂകനുമായ മനുഷ്യന് യേശു സൗഖ്യം നൽകിയത് ദൈവത്തിന്റെ പ്രവൃത്തിയായിട്ടല്ല, മറിച്ച് പിശാചിന്റെ പ്രവൃത്തിയാണെന്ന് ഫരിസേയർ വിമർശിക്കുന്നു. അത് അവരുടെ കാപട്യം മറച്ചു വയ്ക്കാനായിരുന്നു. രോഗിയായ മനുഷ്യൻ അനുഭവിച്ചിരുന്ന അവഗണനയ്ക്ക് പരിഹാരം നൽകാൻ സാധിക്കാതിരുന്ന ഫരിസേയരെ സംബന്ധിച്ച് അവന് ലഭിച്ച സൗഖ്യം അംഗീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അവർ യേശുവിനെ വിമർശിക്കുന്നു. എല്ലാ നന്മയും സൗഖ്യവും തങ്ങളിലൂടെ മാത്രമേ സംഭവിക്കാവൂ എന്ന് ചിന്തിക്കുന്ന മനുഷ്യരുടെ പ്രതീകമാണിവർ. തങ്ങൾക്ക് നൽകാൻ സാധിക്കാത്ത നന്മയും സൗഖ്യവും മറ്റാരും നൽകരുതെന്നും അവർ ചിന്തിക്കുന്നു. അതിനാൽ യേശുവിനെയവർ പിശാചുക്കളിലൊരുവനായി ചിത്രീകരിക്കുന്നു. യേശുവാകട്ടെ ആത്മാർത്ഥമായി തന്നെ ഏറ്റു പറഞ്ഞവരെയും സമീപിച്ചവരെയും സ്വന്തമായി സ്വീകരിച്ചു. ആരെയും തന്റെ സ്നേഹസ്വാധീനത്തിൽനിന്നും യേശു മാറ്റിനിർത്തിയില്ല. മനുഷ്യരിലെ നന്മ പരസ്പരം അംഗീകരിക്കുമ്പോൾ സമൂഹജീവിതം ഹൃദ്യവും സ്വീകാര്യവുമാകും. വ്യക്തികളെയും അവരിലെ നന്മയെയും അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്ന ആധുനിക സമൂഹത്തിൽ ക്രിസ്തുവിന്റെ ജീവിതവും ദർശനങ്ങളും വെല്ലുവിളി ഉയർത്തുന്നു. വ്യക്തികളിലെ, കുടുംബത്തിലെ, സമൂഹത്തിലെ ഭിന്നതകൾ മനുഷ്യജീവിതത്തിന്റെ സ്വസ്ഥതയും സുരക്ഷിതത്വവും തകർക്കുന്നു. ഇന്ന് ഇത്തരം ഭിന്നതകൾ വർദ്ധിച്ചുവരുന്നു. തകർന്നുപോകുന്ന കുടുംബബന്ധങ്ങളും കൂട്ടായ്മയും ഇത്തരത്തിലുള്ള ഭിന്നതകളുടെ ഫലമാണ്. പരസ്പരം അംഗീകരിക്കുന്നതിൽ പരാജയപ്പെടുമ്പോൾ സമൂഹത്തിന്റെ സുരക്ഷിതത്വം തകരുകയാണ്. അതാണ് അന്തഃച്ഛിദ്രമുള്ള ഭവനം നിലനിൽക്കുകയില്ല എന്ന യേശു പറയുന്നത്.

പഴയ നിയമ ഗ്രന്ഥങ്ങളും പ്രവാചകന്മാരും വ്യക്തമാക്കുന്ന സത്യമാണ് യേശു ദൈവപുത്രൻ എന്നത്. അത് വിശ്വസിക്കാനും പ്രഘോഷിക്കാനും ഉത്തരവാദിത്തപ്പെട്ടവരാണ് യഹൂദർ. എന്നാൽ അത് അവർ നിഷേധിക്കുകയാണിവിടെ. വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളെ നിഷേധിക്കുന്നത് ഫരിസേയർ ചെയ്യുന്ന ഗൗരവമായ തെറ്റാണെന്ന് യേശു പരാമർശിക്കുന്നു. അത് പരിശുദ്ധാത്മാവിനെതിരായ പാപമാണ്. കാരണം ദൈവവചനം മനുഷ്യർക്ക് വ്യക്തമാക്കുന്നത് ആത്മാവാണ്. ദൈവത്തിന്റെ പ്രവൃത്തികൾ ലോകത്തിൽ തുടരുന്നതും ആത്മാവാണ്. വചനം പറയുന്നതുപോലെ ആത്മാവാണ് യേശുവിനെ മരുഭൂമിയിലേക്ക് നയിക്കുന്നത് (മത്താ 4:1). ചുരുക്കത്തിൽ യേശുവിലൂടെ പിതൃ-പുത്ര-പരിശുദ്ധാത്മാവായ ദൈവത്തെ യഹൂദസമൂഹം നിഷേധിക്കുകയാണ്.

സഭയിലാണ് ഇന്ന് ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടുന്നത്. ദൈവികസത്യങ്ങൾ മനുഷ്യർക്ക് സംലഭ്യമാക്കുന്നതും സഭയാണ്. സഭയുടെ പ്രബോധനങ്ങളും പ്രഘോഷണങ്ങളും ആത്മാവിനാൽ പ്രചോദിതമാണ്. ലോകത്തിന്റെ ചിന്തയേയും ജീവിതരീതിയെയും വിമർശിക്കുന്ന സഭ ദൈവത്തിന്റെ പ്രവൃത്തിയാണ് ചെയ്യുന്നത്. സഭയിലൂടെ പ്രകടമാകുന്ന ദൈവികത തിരിച്ചറിയുന്നതിൽ സമൂഹം പരാജയപ്പെടുന്നു. അതുകൊണ്ടാണ് സഭയുടെ പ്രബോധനങ്ങളെ നിശിതമായി ലോകം വിമർശിക്കുന്നത്. ലോകത്തിന്റെ കാപട്യം തിരിച്ചറിയാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് സഭയാണ്. അങ്ങനെയെങ്കിൽ സഭയോട് ചേർന്ന് നിൽക്കുമ്പോഴാണ് ക്രൈസ്തവജീവിതം ഉത്തമസാക്ഷ്യമാകുന്നത്. നമുക്കെതിരെ ഉയരുന്ന ഓരോ വിമർശനങ്ങളും നമ്മിലെ ദൈവികത തിരിച്ചറിയാൻ സാധിക്കാത്ത സമൂഹത്തിന്റെ പ്രതികരണമാണ്. ഇവിടെ നാം തളരുകയല്ല. മറിച്ച് യേശുവിനെപ്പോലെ നമ്മേ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ സജീവമായി നിർവഹിക്കുകയാണ് ചെയ്യേണ്ടത്. പരസ്പരം സ്നേഹത്തിലും കൂട്ടായ്മയിലും ജീവിക്കണം. വ്യക്തികളിലെ നന്മയെ അംഗീകരിക്കണം.

**************